# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6636**      **09.07.2014- ൽ മറുപടിക്ക്**

## ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം ബഡ്ജറ്റ് വിഹിതത്തിനു പുറമേ 60 കോടി രൂപ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റയിൽ മില്ലുകൾ നവീകരിക്കുന്നതിനും പുനസംഘടിപ്പിക്കുന്നതിനും വേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ടെക്സ്റ്റൈൽ മില്ലുകളെ ശക്തിപ്പെടുത്തുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) പുതുതായി ടെക്സ്റ്റയിൽ മില്ലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) മാള സഹകരണ സ്പിന്നിംഗ് മിൽ 1994-ൽ രജിസ്റ്റർ ചെയ്തുവെങ്കിലും പിന്നീട് ഫണ്ടിന്റെ അഭാവത്തിൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി മിൽ കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ പുതുതായി ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**